# കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത്

## ബജറ്റ് 2025-26

മാന്യരെ

കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2025-26 വർഷത്തെയും നിലവിലെ ഭരണ സമിതിയുടെ അഞ്ചാമത്തെയും അവസാനത്തെയും ബജറ്റ് ഈ സമിതിക്ക് മുമ്പാകെ ഞാൻ അവതരിപ്പിക്കുകയാണ്.

പതിനാലാം പഞ്ചവൽസര പദ്ധതിയിലെ നാലാം ബജറ്റ് കൂടിയാണ് ഈ വർഷത്തേത്. നികുതി വരുമാനമോ കാര്യമായ മറ്റു തനത് വരുമാനങ്ങളോ ഇല്ലാത്ത ബ്ലോക്ക് പഞ്ചായത്തിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്ന ഫണ്ടുകളാണ് പ്രധാന സ്രോതസ്സായിട്ടുള്ളത്. 2025-26 വർഷത്തേക്കുള്ള പദ്ധതിരേഖയുടെ രൂപീകരണ ഘട്ടത്തിലാണ്..

ജനകീയാസൂത്രണ പ്രക്രിയയുടെ മുപ്പത് വർഷം പിന്നിടുമ്പോൾ ആസൂത്രണത്തിലെ ജനപങ്കാളിത്തത്തിന്റെ മേന്മ വികസനത്തിൽ വളരെയധികം ദൃശ്യമാണ്. നടപ്പാക്കുന്ന പദ്ധതികളുടെ നിരന്തരമായ മേൽനോട്ടവും അനന്തരഫല പഠനവും നടത്തുന്നത് തുടർ വർഷങ്ങളിൽ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സഹായകമാവും. വർക്കിംഗ് ഗ്രൂപ്പ് ഉൾപ്പടെയുള്ള ജനകീയ വേദികളുടെ പ്രവർത്തനം ഈ മേഖലയിൽ കൂടി ഇടപെടാനുള്ള സാഹചര്യം ഉണ്ടാവേണ്ടതുണ്ട്.

പാർപ്പിടം, ആരോഗ്യം, അടിസ്ഥാന വികസന സൗകര്യ വികസനം, കുടിവെള്ളം, ശുചിത്വം, സാമൂഹ്യ ക്ഷേമം എന്നിവയ്ക്കാണ് ഈ ബജറ്റിൽ ഊന്നൽ നൽകിയിട്ടുള്ളത്. സമൂഹത്തിൽ കരുതലും ശ്രദ്ധയും ആവശ്യമുള്ള എല്ലാ വിഭാഗങ്ങൾക്കും അർഹമായ പ്രാതിനിധ്യം ബജറ്റ് ഉറപ്പു വരുത്തുന്നുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏഴ് ലക്ഷം തൊഴിൽ ദിനങ്ങൾ എന്ന ലക്ഷ്യം കൈവരിച്ചും നാലായിരം കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ നൽകിയും തൊഴിൽ ആവശ്യമുള്ള മുഴുവൻ പേർക്കും തൊഴിൽ നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് മുൻകയ്യെടുക്കും. സാധാരണ പ്രവൃത്തികൾക്കൊപ്പം സുഭിക്ഷ കേരളം ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി തൊഴുത്തുകൾ, വർക്ക് ഷെഡുകൾ തുടങ്ങിയ പ്രവൃത്തികൾ പല കുടുംബങ്ങൾക്കും തുടർന്നും ഉപജീവനം തേടുന്നതിന് ഉപകാരപ്രദമാവും. അതേ പ്രകാരം കാർഷിക ആവശ്യത്തിനായി കുളങ്ങൾ കിണറുകൾ എന്നിവ നിർമ്മിച്ചു വരുന്നുണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞത്തിന്റെ ഭാഗമായി പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് ആവശ്യത്തിനനുസരിച്ച് തൊഴിലും ജീവനോപാധികളും നൽകുന്നുണ്ട്. ആകെ 35 കോടി രൂപയുടെ ചെലവാണ് തൊഴിലുറപ്പ് പദ്ധതിയിൽ പ്രതീക്ഷിക്കുന്നത്.

വരവുകൾ

| | |
|---|---|
| വികസനഫണ്ട് (ജനറൽ) | രൂപ.5,14,95,000 |
| വികസനഫണ്ട് (എസ്.സി.പി) | രൂപ.2,48,78,000 |
| വികസനഫണ്ട് (ടി.എസ്.പി) | രൂപ.7,96,000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക് | രൂപ.77,00,000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | രൂപ.1,09,,81,000 |
| മെയ്ന്റനൻസ് ഗ്രാന്റ് | രൂപ.30,41,000 |
| ഹെൽത്ത് ഗ്രാന്റ് | രൂപ.47,17,000 |

എന്നിവയാണ് 2024–25 ലെ ബജറ്റ് പ്രകാരം ഈ ബ്ലോക്ക് പഞ്ചായത്തിന് കണക്കാക്കിയ പ്ലാൻ അലോക്കേഷൻ.

| | |
|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | രൂപ.88,67,000 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | രൂപ. 90,000 |
| നികുതിയിതര വരുമാനം | രൂപ.28,60,000 |

എന്നിവയാണ് ലഭിക്കുമെന്ന് കരുതുന്ന നോൺപ്ലാൻ വരവുകൾ

ചെലവുകൾ

വികസന ഫണ്ട് ഇനത്തിൽ ലഭിക്കുന്ന തുകകൾ മാനദണ്ഡമനുസരിച്ച് നിർബന്ധിത വകയിരുത്തലുകൾ കഴിഞ്ഞുള്ള തുക മാത്രമാണ് ഭരണസമിതിക്ക് തീരുമാനം അനുസരിച്ച് ചെലവഴിക്കാൻ സാധിക്കുകയുള്ളു. പി.എം.എ..വൈ പദ്ധതിക്ക് കുറച്ചു വർഷങ്ങൾക്ക് ശേഷം 2024–25 വർഷത്തിൽ 1156 വീടുകളുടെ ഭൗതികലക്ഷ്യം നിശ്ചയിച്ചു തന്നിട്ടുണ്ട്. ആയത്കൊണ്ട് ഭവന മേഖലയിൽ വലിയ മുന്നേറ്റം നടത്താൻ സാധിക്കും. എന്നാൽ പ്രസ്തുത പദ്ധതിക്ക് തുക നിർബന്ധിതമായി മാറ്റിവേക്കേണ്ടി വന്നതിനാൽ മറ്റു ചില പദ്ധതികൾ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് സ്റ്റേജ്/രാജീവ് ഘർ ഓഡിറ്റോറിയം

ബ്ലോക്ക് പഞ്ചായത്ത് ഓപ്പൺ സ്റ്റേജിന് മേൽക്കൂര സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഈ വർഷം 42 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നൂതന സൗകര്യങ്ങളോടെ നവീകരിക്കുന്ന രാജീവ് ഘർ ഓഡിറ്റോറിയത്തിന്റെ പ്രവൃത്തി അതിവേഗം പുരോഗമിക്കുന്നുണ്ട്. മേൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി വിവിധ പദ്ധതികളിലായി ഈ വർഷം 16 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. മേൽ പ്രവൃത്തികൾ ഈ ഭരണസമിതിയുടെ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കും.

ശുചിത്വവും മാലിന്യ പരിപാലനവും

വിവിധങ്ങളായ പരിപാടികളിലൂടെ മാലിന്യ നിർമ്മാർജ്ജന രംഗത്ത് ഏറെ മാറ്റങ്ങൾ വന്നെങ്കിലും നമ്മുടെ പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് സംസ്കരിക്കുന്നതിൽ

ഇനിയും മുന്നേറേണ്ടതുണ്ട്. അജൈവ മാലിന്യ സംസ്കരണ മേഖലയിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ആർ.ആർ.എഫ് സ്ഥാപിക്കുന്നതിന് വളരെക്കാലമായി നാം ശ്രമിച്ചു വരികയാണ്. ആർ.ആർ.എഫ് സ്ഥാപിക്കുന്നതിനായി 21 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് പരിമിതികൾ ഉള്ളതിനാൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ച ടൈഡ് ഫണ്ടിൽ നിന്നും 54,90,500 രൂപ അടങ്കലിൽ ഡ്രെയിനേജ്, തോട് നവീകരണം തുടങ്ങി 10 പ്രൊജക്ടുകളായാണ് വിഭാവനം ചെയ്യുന്നത്.

<u>കുടിവെള്ളം</u>

590 കിലോ മീറ്റർ നീളത്തിൽ കടൽത്തീരവും 44 നദികളും ഉപനദികളും കായലുകളും മറ്റ് എണ്ണമറ്റ ജലാശയങ്ങളും സ്വന്തമായുണ്ടെങ്കിലും ശുദ്ധമായ കുടിവെള്ളം നഗരങ്ങളിലും ഗ്രാമങ്ങളിലും ദുർലഭമായിക്കൊണ്ടിരിക്കുകയാണ്. ഭൗമോപരിതലത്തിലെ ജലം മലിനീകരിക്കപ്പെടുകയും ഭൂഗർഭജലത്തിന്റെ നിരപ്പ് ഓരോ വർഷവും താഴ്ന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. കാലം തെറ്റി പെയ്യുന്ന മഴ ഉൾപ്പടെ കാലാവസ്ഥ വ്യതിയാനം നമ്മളും അനുഭവിച്ചു കൊണ്ടിരിക്കുന്നു. ഈ വർഷവും കുടിവെള്ള ക്ഷാമം രൂക്ഷമാകും എന്നാണ് കണക്കാക്കുന്നത്. ഈ സാഹചര്യത്തിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ച 54,90,500 രൂപ അടങ്കലിൽ വിവിധ പ്രദേശങ്ങളിലായി  കുടിവെള്ള പദ്ധതികൾക്കും നിലവിലെ പദ്ധതികളുടെ നവീകരണം, പൂർത്തീകരണം എന്നിവക്കുമായി 9 പ്രൊജക്ടുകളാണ് വിഭാവനം ചെയ്യുന്നത്.

<u>യുവാക്കളും കുട്ടികളും കലാ കായികരംഗവും</u>

റിയൽ എസ്റ്റേറ്റ് മേഖലയിലെ വലിയ രീതിയിലുള്ള വികസനത്തോടെ പൊതു കളിസ്ഥലങ്ങൾ നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. പലയിടത്തും ഉയർന്നു വന്നിട്ടുള്ള ടർഫുകളും ഇൻഡോർ സ്റ്റേഡിങ്ങളും സാധാരണക്കാർക്ക് പ്രത്യേകിച്ച് കുട്ടികൾക്കും വിദ്യാർഥികളായ യുവാക്കൾക്കും അപ്രാപ്യമാണ്. യുവാക്കളെ ലക്ഷ്യം വെച്ച് വിവിധ പദ്ധതികൾ ആസുത്രണം ചെയ്തിട്ടുണ്ട്.

സാധാരണക്കാരായ യുവാക്കളുടെ കലാ കായിക ശേഷികൾ പ്രദർശിപ്പിക്കുന്നതിനുള്ള വേദിയായ കേരളോത്സവം നടത്താൻ ഒന്നര ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. വജ്ര ജൂബിലി ഫെല്ലോഷിപ്പ് 3,15,000 രൂപയും കോണാറമ്പ് ഗ്രൗണ്ട് 5 ലക്ഷം, പടനിലം ഗ്രൗണ്ട് 4 ലക്ഷം രൂപയും നീക്കി വെച്ചിട്ടുണ്ട്.

<u>വായനശാലകൾ</u>

പുതിയ എഴുത്തുകാർ സജീവമാകുകയും പുസ്തക പ്രസാധന രംഗത്തു കുതിച്ചു ചാട്ടം ഉണ്ടാകുകയും ചെയ്യുമ്പോൾ സോഷ്യൽ മീഡിയ പുതുതലമുറയെ എഴുത്തിലേക്കും വായനയിലേക്കും കൂടി നയിക്കുന്നു എന്നത് വസ്തുതയാണ്.

പുസ്തകങ്ങളുടെ വില വലുതാകുന്ന ഇക്കാലത്ത് യുവതലമുറയിലേക്ക് വായനയുടെ അനുഭവം പകർന്നു നൽകുന്നതിന് പൊതു വേദികൾ ആവശ്യമാണ്. കുട്ടികളെയും യുവാക്കളെയും വിജ്ഞാന ലോകത്തേക്ക് അടുപ്പിക്കുന്നതിന്ന് വായനശാലകൾ അനിവാര്യമാണ്. വിവിധ ലൈബ്രറികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 4 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസം

ചേനോത്ത് ഗവ എൽ.പി സ്കൂൾ കുട്ടികളുടെ പാർക്കിന് ഒരു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ആരോഗ്യം

സി.എച്ച്.സി ചെറുവാടി നവീകരണം 4 ലക്ഷം, താൽക്കാലിക ഫാർമസിസ്റ്റ് വേതനം ഒരു ലക്ഷം താൽക്കാലിക ലാബ് ടെക്നഷ്യൻ വേതനം ഒരു ലക്ഷം എന്നീ തുകകളും എം.സി.എച്ച് യൂണിറ്റ് ചെറുപ്പ നവീകരണം 2 ലക്ഷം രൂപയും താൽക്കാലിക ഡോക്ടറുടെ വേതനം ഒരു ലക്ഷം രൂപയും താൽക്കാലിക ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം 1,30,000 രൂപയും വിവരസാങ്കേതിക ഉപകരണങ്ങൾ വാങ്ങുന്നതിന് ഒന്നര ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. സി.എച്ച്.സി ചെറുവാടി ദൈനംദിന പ്രവർത്തനത്തിന് 4 ലക്ഷം രൂപയും, എം.സി.എച്ച് യൂണിറ്റ് ചെറുപ്പ ദൈനംദിന പ്രവർത്തനത്തിന് ഒരു ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ 47,17,000 രൂപ എം.സി.എച്ച് യൂണിറ്റ് ചെറുപ്പയിൽ വിവിധ പദ്ധതികൾക്കായി വിനിയോഗിക്കും

അതോടൊപ്പം പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് 22,50,000/- രൂപ, സ്നേഹ സ്പർശം വിഹിതം 7 ലക്ഷം രൂപ, ജീവതാളം പദ്ധതി 2,33,200 രൂപ, ദ്വിതീയ സാന്ത്വനം പരിചരണം 3 ലക്ഷം രൂപ, കാൻസർ കെയർ സൊസൈറ്റി വിഹിതം ഒരു ലക്ഷം രൂപ എന്നീ തുകകളും നീക്കി വെച്ചിട്ടുണ്ട്.

സാമൂഹ്യ സുരക്ഷ

മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ ഉൾപ്പെട്ട കുടുംബങ്ങൾ മാനസികമായും സാമൂഹ്യമായും സാമ്പത്തികമായും അനുഭവിക്കുന്ന പ്രയാസങ്ങൾ വിവരണാതീതമാണ്. അത്തരം കുടുംബങ്ങളോപ്പം നിൽക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സദാ സന്നദ്ധമാണ്.

ഭൂരിഭാഗം സമയവും മുറികൾക്കുള്ളിൽ കഴിയേണ്ടി വരുന്ന മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ മാനസികോല്ലാസത്തിന് കലാകായിക മത്സരങ്ങൾ നടത്തുന്നതിന്ന് 3 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. സ്കോളർഷിപ്പ് നൽകുന്നതിന്ന് 40ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ട്.

സാമൂഹ്യ സുരക്ഷ മേഖലയിൽ അതിദരിദ്ര വിഭാഗത്തിന്റെ ഉന്നമനത്തിന് 4 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

വയോജന ക്ഷേമം

ശാരീരികമായും മാനസികമായും കുടതൽ കരുതൽ ആവശ്യമുള്ള ഒരു വിഭാഗമാണ് വയോജനങ്ങൾ. അണുകുടുംബങ്ങളുടെ വ്യാപനവും കുടുംബാംഗങ്ങൾ അധികപേരും പകൽ സമയത്ത് തൊഴിൽ വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്ക് വീടിന് പുറത്തായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ വയോജനങ്ങൾക്ക് ഒറ്റപ്പെടലിൽ നിന്നു രക്ഷപ്പെടാൻ സുരക്ഷിത കേന്ദ്രങ്ങൾ എന്ന ആശയമാണ് വയോജന കേന്ദ്രങ്ങൾ. 2 വയോജന പാർക്കുകൾക്കായി 10,93,500 രൂപ നീക്കിവെച്ചിട്ടുണ്ട്. .

ഭവന പദ്ധതി

സുരക്ഷിതഭവനം എന്ന സാധാരണക്കാരന്റെ ഏറ്റവും വലിയ സ്വപ്നം സ്വായത്തമാക്കാൻ കഴിയാത്ത ഒട്ടനവധി കുടുംബങ്ങൾ ഇന്നും നമുക്കിടയിലുണ്ട്. സാമൂഹ്യമായ സുരക്ഷിതത്വത്തിന്റെയും എല്ലാവിധ ഉന്നമനത്തിന്റെയും ആണിക്കല്ലാണ് സ്വന്തമായ വീട്. ലൈഫ് /പി.എം.എ.വൈ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് പൊതു വിഭാഗത്തിന് 3,60,91,000/- രൂപയും പട്ടികജാതി വിഭാഗത്തിന് 1,72,31,600 രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിന് 8,84,000 രൂപയും നീക്കി വെച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെയും ഗ്രാമ പഞ്ചായത്തുകളുടെയും കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതം കൂടി ഉൾപ്പെട്ടതാണ് ഈ തുക.

അംഗനവാടികൾ

ബ്ലോക്ക് പഞ്ചായത്ത് ശിശു സൗഹൃദവും അത്യാധുനികവുമാക്കുക എന്ന ലക്ഷ്യത്തിൻറെ ഭാഗമായി അംഗനവാടി പോഷകാഹാരത്തിന് 4 ലക്ഷം രൂപയും നാല് അംഗനവാടി കെട്ടിട നിർമ്മാണം പൂർത്തീകരണം എന്നിവക്കായി 12 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതി /പട്ടികവർഗ്ഗ ക്ഷേമം

പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർഥികളുടെ വിദ്യാഭ്യാസത്തിന് ബജറ്റ് മുന്തിയ പരിഗണന നൽകുന്നു. വിദ്യാർഥികളുടെ വിദ്യാഭ്യാസ പുരോഗതിയുടെ അടിസ്ഥാന ഘടകമാണ് പഠിക്കാൻ സ്വൈര്യമായ ഒരിടം. പട്ടികജാതി വിദ്യാർഥികളുടെ പഠനമുറിക്ക് വേണ്ടി 32 ലക്ഷം രൂപയും പട്ടികജാതി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് പദ്ധതിക്ക് 22,76,800 രൂപയും നീക്കി വെച്ചിട്ടുണ്ട്. നെടുങ്ങോട്ടുമ്മൽ ഉന്നതി സാംസ്കാരിക നിലയത്തിന് 5 ലക്ഷവും വിവിധ നഗർ / ഉന്നതി നവീകരണ പ്രൊജക്ടുകൾക്കായി 55 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. കണയം പുളിയക്കാവ് എസ്.ടി ഉന്നതി നവീകരണത്തിന് 3 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്.

വനിതാ ക്ഷേമം

കുന്നമംഗലത്തെത്തുന്ന ഏതൊരു വനിതക്കും സുരക്ഷിതമായും സൗകര്യപ്രദമായും ചുരുങ്ങിയ ചെലവിൽ താമസിക്കുന്നതിനായി കുന്നമംഗലത്തിന്റെ ഹൃദയഭാഗത്ത് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് വളപ്പിൽ നിർമ്മിക്കുന്ന വനിതാ സൗഹൃദകേന്ദ്രത്തിന്റെ പൂർത്തീകരണത്തിന് വേണ്ടി ഈ വർഷം 42.37 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്റർ 2 ലക്ഷം, കരിയിച്ചാൽ വനിതാ സൗഹൃദ കേന്ദ്രം 4 ലക്ഷം താഴെ കുരിക്കത്തൂർ വിവിധ വനിതാ സൗഹൃദ കേന്ദ്രം പൂർത്തീകരണം 3 ലക്ഷം എന്നീ തുകകൾ വകയിരുത്തിയിട്ടുണ്ട്.

കൃഷി/ ക്ഷീരവികസനം

ഉൽപന്നങ്ങളുടെ വിലത്തകർച്ച, ഉൽപാദനച്ചെലവിന്റെ വർധന, തൊഴിലാളികളുടെ ലഭ്യതകുറവ്, യന്ത്രവൽക്കരണം കാര്യക്ഷമമാവാത്തത് ഉൾപ്പടെ വിവിധ കാരണങ്ങളാൽ പ്രയാസം അനുഭവിക്കുന്ന കാർഷിക മേഖലക്ക് വലിയ രീതിയിലുള്ള കൈത്താങ്ങ് ആവശ്യമാണ്. നെൽ കൃഷിക്ക് 20 ലക്ഷം രൂപയും സ്ഥിരം കൃഷിക്ക് 6 ലക്ഷം രൂപയും നീക്കി വെച്ചിട്ടുണ്ട്.

വന്യമൃഗങ്ങളുടെ ശല്യത്തിൽ നിന്നും വിളകളുടെ രക്ഷക്ക് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് 3 ലക്ഷം രൂപയും അനിമൽ ബർത്ത് കൺട്രോൾ പദ്ധതിക്ക് ബ്ലോക്ക് വിഹിതമായി ഒരു ലക്ഷം രൂപയും മഴക്കാലത്ത് വെള്ളപ്പൊക്കത്തിന്റെ രൂക്ഷത കുറക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പുള്ളാവൂർ ചാത്തൻകൊറ്റിവയൽ ആണിത്തോട് പുനരുദ്ധാരണം 5 ലക്ഷം അരീത്തോട് സംരക്ഷണം 5 ലക്ഷം എന്നീ തുകകൾ വകയിരിത്തിയിട്ടുണ്ട്. എഫ്.പി.ഒ സപ്പോർട്ടിന് ഒരു ലക്ഷം രൂപയും നീർച്ചാലുകളുടെ മാപ്പിംഗ് പദ്ധതിക്ക് 108800 രൂപ കണക്കാക്കിയിട്ടുണ്ട്. ക്ഷീരവികസന മേഖലയിൽ കാലിത്തീറ്റ സബ്സിഡി 20 ലക്ഷം രൂപയും പാലിന് ഇൻസെന്റീവ് 30 ലക്ഷം രൂപയും കണക്കാക്കിയിട്ടുണ്ട്.

തൊഴിൽ/ചെറുകിട വ്യവസായം

സംരംഭകത്വ മേഖലയിൽ ഗ്രൂപ്പ് സംരംഭങ്ങൾ ജനറൽ എന്ന പദ്ധതിക്ക് 15 ലക്ഷം രൂപയും സ്ത്രീകളുടെ ഉന്നമനം ലക്ഷ്യം വെച്ചു കൊണ്ട് സംരംഭം ആരംഭിക്കുന്നതിന് 20 ലക്ഷം രൂപയും ട്രേഡ് അടിസ്ഥാനമാക്കിയുള്ള നൈപുണ്യ വികസനത്തിന് 4 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. വിജ്ഞാനകേരളം ജോബ് സ്റ്റേഷൻ നാല് ലക്ഷം രൂപയും തലക്കുളത്തൂർ ഐ.ടി ഇൻകുബൈഷൻ സെന്ററിന് ബ്ലോക്ക് വിഹിതമായി ഒരു ലക്ഷം രൂപയും ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററിന് 2 ലക്ഷം രൂപയും കണക്കാക്കിയിട്ടുണ്ട്.

അടിസ്ഥാന സൌകര്യ വികസനം.

അടിസ്ഥാന സൗകര്യ വികസനത്തിന് വലിയ രീതിയിൽ ബജറ്റ് പരിഗണന കൊടുത്തിട്ടുണ്ട്. 31 റോഡുകൾക്കായി ഒരു കോടി ഇരുപത്തി ഒന്ന് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിവിധ ലോമാസ്റ്റ് തെരുവു വിളക്കുകൾക്ക് ആകെ 13 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വള്ളിയക്കാട് ഉന്നതി നവീകരണത്തിന് ഒന്നര ലക്ഷം രൂപയും തടപ്പറമ്പ് കുമാരനെല്ലൂർ ഗ്രാമ സേവാ കേന്ദ്രത്തിന് 4 ലക്ഷം രൂപയും പാർശ്വഭിത്തി നിർമ്മാണത്തിന് 6 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

മറ്റു പദ്ധതി വകയിരുത്തലുകൾ

പദ്ധതി ആസൂത്രണവും നിർവ്വഹണവും 2.25 ലക്ഷം, ഐ.കെ.എം വിഹിതം നൽകൽ ഒരു ലക്ഷം രൂപ, വിവിധ ഘടക സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്ക് 3.60 ലക്ഷം രൂപ ബ്ലോക്ക് ഓഫീസ് നവീകരണം 14,31,000 രൂപ ബ്ലോക്ക് ഓഫീസ് ഐ.എസ്.ഒ 2 ലക്ഷം രൂപ ഡോക്യുമെന്റേഷൻ ഒരു ലക്ഷം രൂപ എന്നീ തുകകൾ വകയിരുത്തിയിട്ടുണ്ട്.

*നോൺ പ്ലാൻ വകയിരുത്തലുകൾ*

| | |
|---|---|
| ജീവനക്കാരുടെ വേതനവും മറ്റ് ആനുകൂല്യങ്ങളും | -രൂപ 10,00,000 |
| ജനപ്രതിനിധികളുടെ ഓണറേറിയം മറ്റ് ആനുകൂല്യങ്ങളും | -രൂപ 31,50,000 |
| മറ്റ് ഭരണ ചെലവുകൾ | -രൂപ.17,40,000 |
| വാഹന, വാടക ചെലവുകൾ, അറ്റകുറ്റപണി ചെലവുകൾ | -രൂപ 10,00,000 |

2025-26 വർഷത്തേക്ക് ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകുന്ന വിവിധയിനം ഫണ്ടുകൾ ബ്ലോക്ക് പരിധിയിലെ സാമാന്യ ജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ രീതിയിൽ ചെലവഴിക്കുന്നതിനും സേവനം ഏറ്റവും മികച്ചരീതിയിൽ ലഭ്യമാക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും ലക്ഷ്യമിട്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. മനുഷ്യനിർമ്മിതവും പ്രകൃതിനിർമ്മിതവുമായ എല്ലാ പ്രതികൂല സാഹചര്യങ്ങളെയും അതിജീവിച്ച് കരുത്തുറ്റ ഒരു നാളേക്കായി മനസ്സൊരുമിച്ച് നമുക്ക് പ്രയത്നിക്കാം എന്ന ശുഭാപ്തി വിശ്വാസത്തോടെ ഈ ബജറ്റ് ചർച്ചക്കും അംഗീകാരത്തിനുമായി സമിതി മുമ്പാകെ സമർപ്പിക്കുന്നു..

(ഒപ്പ്)
മൈമൂന കടുക്കാഞ്ചേരി
വൈസ് പ്രസിഡന്റ്
കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത്

കുന്നമംഗലം
22-03-2025